## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5535 — 02.07.2014-ൽ മറുപടിക്ക്

### ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>,, സണ്ണി ജോസഫ് :<br>,, എം. പി. വിൻസെന്റ് :<br>,, ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട് ; പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബില്ലിൽ പ്രധാനമായും വ്യവസ്ഥ ചെയ്യുന്നത്. ഈ ബില്ല് ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു സംവിധാനവും വിഭാവനം ചെയ്യുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത നിയമം മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) സ്വകാര്യ ഹോസ്പിറ്റലുകളുടെയും, നഴ്സിംഗ് ഹോമുകളുടെയും, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് പ്രസ്തുത നിയമം മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. |
| (സി) ആരോഗ്യസ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) ആരോഗ്യസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1 സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ ക്വാളിറ്റി ഇംപ്രൂവ്മെന്റിനു വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുക.<br>2 സ്വകാര്യ ആശുപത്രികൾ അമിതമായ ചികിത്സാ ഫീസ് ഈടാക്കുന്നതിന് ഉചിതമായ നിയന്ത്രണങ്ങൾ കൊണ്ടു വരുക. |

3 വ്യക്തമായ യോഗ്യത ഇല്ലാതെയും ഗുണനിലവാരമില്ലാതെയും പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും വ്യക്തികളുടെയും പേരിൽ ഉചിതമായ നടപടികൾ സ്വീകരിക്കുക.

4 രോഗികളെ അവിഹിത ചൂഷണം നടത്തുന്നത് തടയുന്നതിനും മറ്റും ഉചിതമായ നടപടികൾ സ്വീകരിക്കുക.

5 ആശുപത്രികളുടെ ഗുണനിലവാരത്തിനനുസരിച്ച് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാനദണ്ഡം അതാത് സമയം പുറപ്പെടുവിക്കുകയും ചെയ്യുക.

6 ഗ്രേഡിംഗിനനുസരിച്ചും ഗുണനിലവാരത്തിനനുസരിച്ചും ചികിത്സാ ചെലവുകൾ ക്രമപ്പെടുത്തി ഉയർന്ന നിലവാരത്തിലുള്ള സേവനം ഉറപ്പു വരുത്തുക.

(ഡി) ആയതിന്റെ നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

(ഡി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ. -മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയും ആണ്.

സെക്ഷൻ ഓഫീസർ